MONDAY 23/09/2024 തിങ്കളാഴ്ച

# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : Nizam S A Editor : Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 23/09/2024

1. വെള്ളായണി കാർഷിക കോളേജിലെ ഇൻസ്ട്രക്ഷണൽ ഫാമിൽനിന്നും ഇന്ത്യൻ തേനിച്ചയുടെ കോളനികൾ കൂടൊന്നിന് 1400/- രൂപാനിരക്കിലും. മണ്ണിരക്കമ്പോസ്റ്റിനനുയോജ്യമായ യുഡ്രിലസ് ഇനത്തിൽപ്പെട്ട മണ്ണിരകൾ 100 ഗ്രാമിന് 100 രൂപനിരക്കിലും കോമാടൻ, വെസ്റ്റ് കോസ്റ്റ് ടാൾഎന്നി തെങ്ങിൻ തൈകൾ യഥാക്രമം 130, 120 രൂപാ നിരക്കുകളിലും എല്ലാ പ്രവർത്തി ദിവസങ്ങളിലും സെയിൽസ് കൗണ്ടറിൽ നിന്ന് വിപണനത്തിന് ലഭ്യമാണ്. പ്രവർത്തനസമയം രാവിലെ 9 മുതൽ വൈകിട്ട് 4 മണിവരെ യാണ്. കൂടുതൽ വിവരങ്ങൾക്ക് 0471-2383572, 8848277143 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

2 കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിൽ കാർഷിക പ്രസിദ്ധീകരണങ്ങളും, കല്പധേനു എന്ന കാർഷിക സർവ്വകലാശാലയുടെ ത്രൈമാസിക പ്രസിദ്ധീകരണവും വില്പനയ്ക്കുണ്ട്. ബന്ധപ്പെടേണ്ട ഫോൺ നമ്പർ : 0487 – 2370773. കേരള കാർഷിക സർവകലാശാലയുടെ പബ്ളിക്കേഷനുകൾ ഇപ്പോൾ ഓൺലൈൻ പ്ലാറ്റ്ഫോം ആമസോൺ വഴിയും ലഭ്യമാണ്. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിൽ പ്രവർത്തിച്ചു വരുന്ന ഭക്ഷ്യ സംസ്കരണശാലയിൽ ഏതുതരം പഴം പച്ചക്കറിയും സംസ്കരിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി നൽകുന്നു.

2. നേര്യമംഗലത്ത് പ്രവർത്തിക്കുന്ന എറണാകുളം ജില്ലാ കൃഷിത്തോട്ടത്തിൽ നിന്നും ഗുണമേന്മയുള്ള തൈകൾ വില്പനയ്ക്ക് തയ്യാറായിട്ടുണ്ടെന്ന് ഫാം സൂപ്രണ്ട് അറിയിച്ചു. തെങ്ങ് (WCT), (രത്നനഗിരി), റംബൂട്ടാൻ, മാവ്, പ്ലാവ്, നാടൻ തൈകൾ, നീലയമരി, ആടലോടകം, കരിനൊച്ചി, ഉമ്മം, ദന്തപ്പാല, കിരിയാത്ത്, ബ്രഹ്മി, പൂച്ചെടികൾ എന്നിവയാണ് വില്പനയ്ക്ക് തയ്യാറായിട്ടുള്ളത്. കൂടുതൽ വിവരങ്ങൾക്ക് 9383472014, 9383471196 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പോഷക സമൃദ്ധി മിഷന്റെ ഭാഗമായി 100 രൂപയ്ക്കുള്ള ഹൈബ്രിഡ് വിത്തു കിറ്റ് കൃഷിഭവൻ വഴി സൗജന്യമായി വിതരണം ചെയ്യുന്നു. സ്ഥിരമായി ഒരു സീസണിലെങ്കിലും പച്ചക്കറി കൃഷി ചെയ്യുന്ന ചെറുകിട കർഷകർ കൃഷിക്കൂട്ടത്തിലെ അംഗങ്ങൾ, ക്ലസ്റ്റർ അടിസ്ഥാനത്തിൽ വാണിജ്യകൃഷി ചെയ്യുന്ന കർഷകർ എന്നിവർക്കാണ് ഹൈബ്രിഡ് വിത്തു കിറ്റ് നൽകുക. ഇതോടൊപ്പം ഒന്നിന് 3 രൂപ വിലയുള്ള മുളക്, വഴുതന, തക്കാളി, കൊത്തമര, ബീൻസ്, പയർ, വെണ്ട, ശീതകാല പച്ചക്കറികൾ എന്നിവയുടെ ഹൈബ്രിഡ് തൈകളും വിതരണത്തിനുണ്ട്. 50 സെൻറിൽ കൂടുതൽ കൃഷി ചെയ്യുന്ന ചെറുകിട കർഷകർ പദ്ധതി ആനുകൂല്യത്തിന് അർഹരാണ്.

4. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ കന്നുകാലികളുടെ ചികിത്സയ്ക്കായി പേറ്റന്റ് വെറ്ററിനറി മരുന്നുകൾ 2024-25 സാമ്പത്തിക വർഷത്തേയ്ക്ക് വിതരണം നടത്തുന്നതിന് താല്പര്യമുള്ളവരിൽനിന്ന് മുദ്രവച്ച മത്സരാധിഷ്ഠിത ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. ദർഘാസുകൾ ലഭിക്കേണ്ട അവസാന തിയതി 25/09/2024-ാം തിയതി പകൽ 11 മണിവരെയാണ്. കൂടുതൽ വിവരങ്ങൾക്ക് 0471 2732962 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടി

5. പരമ്പരാഗത റബ്ബർകൃഷി മേഖലകളിൽ 2023, 2024 വർഷങ്ങളിൽ ആവർത്തനക്കൃഷിയോ പുതുക്കൃഷിയോ നടത്തിയ റബ്ബർ കർഷകർക്ക് ധനസഹായത്തിന് അപേക്ഷിക്കാം. പരമാവധി രണ്ടു ഹെക്ടർ വരെ റബ്ബർകൃഷിയുള്ളവർക്ക് നിബന്ധനകൾക്ക് വിധേയമായി ഒരു ഹെക്ടറിന് ധനസഹായം ലഭിക്കാൻ അർഹതയുണ്ട്. കേന്ദ്ര

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഗവൺമെന്റിന്റെ 'സർവ്വീസ് പ്ലസ്' എന്ന വെബ് പോർട്ടലിലൂടെ 2024 സെപ്റ്റംബർ 23 മുതൽ നവംബർ 30 വരെ ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കാം. അപേക്ഷയോടൊപ്പം സ്ഥലത്തിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്നതിന് വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം, കൃഷിചെയ്ത സ്ഥലത്തിന്റെ അതിരുകൾ രേഖപ്പെടുത്തിയ സ്കെച്ച്, ആധാറുമായി ബന്ധപ്പെടുത്തിയ ബാങ്ക് അക്കൗണ്ടിന്റെ (പാസ് ബുക്ക്) കോപ്പി, കൂട്ടുടമസ്ഥതയുള്ളവർക്കും മൈനറായ അപേക്ഷകർക്കുമുള്ള നോമിനേഷൻ എന്നിവ അപ്ലോഡ് ചെയ്യേണ്ടതാണ്. ഹെക്ടർപ്രതി 40,000 രൂപയാണ് ധനസഹായം. തോട്ടം പരിശോധിച്ചതിനുശേഷം അർഹമായ ധനസഹായം കർഷകരുടെ അക്കൗണ്ടിലേക്ക് നിക്ഷേപിക്കുന്നതാണ്. വിശദവിവരങ്ങൾ www.rubberboard.org.in എന്ന വെബ്സൈറ്റിൽ നിന്ന് ലഭിക്കും. കൂടുതൽ വിവരങ്ങൾ റബ്ബർബോർഡ് റീജിയണൽ ഓഫീസുകൾ, ഫീൽഡ് സ്റ്റേഷനുകൾ, കേന്ദ്രഓഫീസിൽ പ്രവർത്തിക്കുന്ന കോൾസെന്റർ (04812576622) എന്നിവിടങ്ങളിൽനിന്ന് ലഭിക്കുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം